ഇടശ്ശേരി
സ്മാരകസമിതി

# ഇടശ്ശേരി സ്മാരക സമിതി

ഇടശ്ശേരി സ്മാരക സമിതിയുടെ ആരംഭം 1978ലാണ്. കവിയുടെ മരണത്തിനു നാലുവർഷത്തിനുശേഷം 1978 ഡിസംബർ 24ന് തൃശ്ശൂർ കേരള സാഹിത്യ അക്കാദമിയിൽ ചേർന്ന അനുസ്മരണ സമ്മേളനത്തിലാണ് ഇടശ്ശേരി സ്മാരക സമിതി രൂപവൽക്കരിക്കാൻ തീരുമാനിച്ചത്. ശ്രീമാൻമാർ. വി.ടി. ഭട്ടതിരിപ്പാട് പ്രസിഡണ്ട്, കോളാടി ഗോവിന്ദൻകുട്ടി വൈസ് പ്രസിഡണ്ട്, കടവനാട് കുട്ടികൃഷ്ണൻ സെക്രട്ടറി, അക്കിത്തം അച്ചുതൻ നമ്പൂതിരി ട്രഷറർ, പി. കൃഷ്ണവാരിയർ, ടി.കെ. മുഹമ്മദ് എന്നിവർ ജോയന്റ് സെക്രട്ടറിമാർ, കമ്മിറ്റിയംഗങ്ങളായി ഉറൂബ്, പവനൻ, സി. ചോയുണ്ണി, പി. കെ. എ. റഹീം, ഇ. രാമൻ മാസ്റ്റർ, പ്രൊഫ. കെ.വി. രാമകൃഷ്ണൻ, ശ്രീ. കരുണാകരൻ നമ്പ്യാർ, സി.പി. ശ്രീധരൻ, എൻ.എൻ. തലാപ്പിൽ, ഡോ. കെ.കെ. രാഹുലൻ, പി.ടി. നരേന്ദ്രമേനോൻ, എം.ആർ. ഭട്ടതിരിപ്പാട് എന്നിവരടങ്ങുന്ന ഒരു ഭരണസമിതി അന്നു തെരഞ്ഞെടുക്കപ്പെട്ടു. രക്ഷാധികാരികളായി ശ്രീമാൻമാർ. മുൻ മുഖ്യമന്ത്രി സി. അച്ചുതമേനോൻ, കെ.എം. മാത്യു (മലയാള മനോരമ), എം.ജെ. കൃഷ്ണമോഹൻ (മാതൃഭൂമി), ഡോ. സി.കെ. രാമചന്ദ്രൻ, എം.കെ.കെ. നായർ, സി.ആർ. കേശവൻ വൈദ്യർ, ഡോ. പി.കെ. വാരിയർ, യു.എ. ബീരാൻ എന്നിവരും നിർദ്ദേശിക്കപ്പെട്ടു. 1978 ഡിസംബർ 25ന് ശ്രീ. സി. അച്ചുതമേനോൻ, ശ്രീ. കോളാടി ഗോവിന്ദൻകുട്ടിയിൽ നിന്ന് 500 രൂപ സ്വീകരിച്ചുകൊണ്ട് സമിതിയുടെ ഫണ്ട് ഉദ്ഘാടനം ചെയ്തു. സാഹിത്യ-ശാസ്ത്രീയ ധർമ്മ സ്ഥാപനങ്ങൾ റജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമപ്രകാരം 1979ലെ 217-ാം നമ്പറായി സമിതി റജിസ്റ്റർ ചെയ്തിട്ടുണ്ട്.



**11.5.1985 – കേരള ഗവർണ്ണർ ബഹു. പി. രാമചന്ദ്രൻ ഇടശ്ശേരി സാഹിത്യമന്ദിരം ഉദ്ഘാടനം ചെയ്യുന്നു.**

**ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

1) പരേതനായ കവി ഇടശ്ശേരി ഗോവിന്ദൻ നായരുടെ സ്മരണ നിലനിർത്തുവാനും, അദ്ദേഹത്തിന്റെ കൃതികൾ ഉൾപ്പെടെ സാഹിത്യ കൃതികളെപ്പറ്റി പഠിക്കുവാനും ഉതകുന്ന ഒരു കേന്ദ്രം സ്ഥാപിക്കുക.

2) ഇതിനുവേണ്ടി ഇടശ്ശേരിയുടെ പ്രവർത്തന കേന്ദ്രമായിരുന്ന പൊന്നാനിയിൽ ഇടശ്ശേരി സാഹിത്യ മന്ദിരം എന്ന പേരിൽ ഒരു കെട്ടിടം നിർമ്മിക്കുക. ഈ കെട്ടിടത്തിൽ ഇടശ്ശേരി സ്ഥാപിച്ചു വളർത്തിവന്ന കൃഷ്ണപ്പണിക്കർ വായനശാലയ്ക്കുകൂടി പ്രവർത്തിക്കുവാൻ സ്ഥലം അനുവദിക്കുക.

3) മലയാള ഭാഷയിൽ ഉണ്ടാവുന്ന ഒരു മൗലികകൃതിയ്ക്ക് ഓരോ വർഷവും ഇടശ്ശേരി അവാർഡ് എന്ന പേരിൽ ഒരു അവാർഡ് നല്കുക.

4) ഇടശ്ശേരി സ്മാരക പ്രഭാഷണങ്ങൾ ഏർപ്പെടുത്തുക.

5) പ്രസിദ്ധീകരണങ്ങൾ ഇറക്കുക.

1985 മെയ് പതിനൊന്നിന് പൊന്നാനിയിൽ ഇടശ്ശേരി സാഹിത്യ മന്ദിരം അന്നത്തെ കേരള ഗവർണ്ണർ ശ്രീ. പി. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഇവിടെയാണ് ഇടശ്ശേരി സ്മാരക സമിതിയുടെ ആസ്ഥാനം. കൃഷ്ണപ്പണിക്കർ വായനശാല ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

ശ്രീ. വി.ടി. ഭട്ടതിരിപ്പാടിന്റെ നിര്യാണത്തെത്തുടർന്ന് 1982ൽ മഹാകവി അക്കിത്തം സമിതിയുടെ പ്രസിഡണ്ടായി. 22 വർഷമായി അദ്ദേഹം ആ സ്ഥാനത്തിരുന്നുകൊണ്ട് സമിതിയുടെ പ്രവർത്തനത്തെ നയിക്കുന്നു.

ശ്രീ. കടവനാട് കുട്ടികൃഷ്ണന്റെ ദേഹവിയോഗം മൂലം 1992ൽ ശ്രീ. പി. കൃഷ്ണവാരിയർ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.

1982 മുതൽ എല്ലാ വർഷവും ഇടശ്ശേരി അവാർഡ് ദാനവും, ഇടശ്ശേരി സ്മാരക പ്രഭാഷണവും നടത്തി വരുന്നുണ്ട്. പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത മലയാളകൃതികൾ ക്ഷണിച്ചുവരുത്തി അവയിൽ നിന്ന് ഏറ്റവും ഉത്തമമായ കൃതി തെരഞ്ഞെടുത്താണ് അവാർഡ് നല്കുന്നത്. ആദ്യത്തെ ഇടശ്ശേരി അവാർഡിന് അർഹമായത് ശ്രീ. എൻ.കെ. ദേശത്തിന്റെ 'ഉല്ലേഖം' എന്ന കവിതാ സമാഹാരമാണ്.

ഇടശ്ശേരിയുടെ പേരിൽ തൃശ്ശൂരിൽ ഒരു പഠനകേന്ദ്രം സ്ഥാപിക്കാനും സമിതിയ്ക്ക് പദ്ധതിയുണ്ട്. ഈ കേന്ദ്രത്തിൽ ഇടശ്ശേരി മ്യൂസിയം ഒരുക്കുക; കവിത, ചെറുകഥ, നോവൽ, ലേഖനങ്ങൾ, സിനിമ-ടെലിസീരിയൽ എന്നീ ശാഖകളിൽ സർഗ്ഗാത്മകത, രചനാതന്ത്രം എന്നിവയ്ക്കായി ക്ലാസുകൾ ഏർപ്പെടുത്തുക; മലയാളത്തനിമ നഷ്ടപ്പെടാതെ നിലനിർത്താൻ വേണ്ട പ്രായോഗിക മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുക; കമ്പ്യൂട്ടർവൽകൃത ഗവേഷണകേന്ദ്രം സ്ഥാപിക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്.